ഭരണഭാഷ – മാതൃഭാഷ

പ്രിൻസിപ്പൽ ഡയറക്ടറേറ്റ്, തദ്ദേശസ്വയംഭരണ വകുപ്പ്

സ്വരാജ് ഭവൻ, നന്തൻകോട്, കവടിയാർ പി.ഒ

തിരുവനന്തപുരം–695003, ഫോൺ: 0471-2727255, 2314526

വെബ്സൈറ്റ്: lsgd.kerala.gov.in

ഇ-മെയിൽ: pd.lsgd@kerala.gov.in

LSGD/PD/34057/2025-LL5-Part(1) തീയതി: 31-07-2026

## സർക്കുലർ

വിഷയം: ത.സ്വ.ഭ.വ.-പ്രിൻസിപ്പൽ ഡയറക്ടറേറ്റ് - ബഹു. സുപ്രീം കോടതിയിലെ SUO MOTU WP(C) No. 5/2025 കേസിലെ വിധിന്യായത്തിലെ നിർദേശങ്ങൾ നടപ്പാക്കുന്നതിന് സംസ്ഥാനത്തെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് നിർദേശം നൽകുന്നത്-സംബന്ധിച്ച്

സൂചന:
1. ബഹു. സുപ്രീം കോടതിയിലെ SUO MOTU WP(C) No. 5/2025 കേസിലെ 11 22.08.2025, 07.11.2025 തീയതികളിലെ ഉത്തരവ്.
2. ബഹു. സുപ്രീം കോടതിയിലെ SUO MOTU WP(C) No. 5/2025 കേസിലെ 19 തീയതിയിലെ വിധിന്യായം.
3. 23.07.2026 തീയതിയിലെ സ.ഉ(കൈ) നം 108/2026/തസ്വഭവ നം സർക്കാർ ഉത്തരവ
2. Prevention of Cruelty to Animals Act, 1960 നിയമപ്രകാരം രൂപീകരിച്ച Animal Birt (ABC) Rules, 2023.

ടൈംസ് ഓഫ് ഇന്ത്യ, ഡൽഹി എഡിഷൻ ദിനപത്രത്തിൽ 28.07.2025-ൽ പ്രസിദ്ധീകരിച്ച **'CITY HOUNDED BY STRAY DOGS, KIDS PAY PRICE'** എന്ന വാർത്തയുടെ അടിസ്ഥാനത്തിൽ, തെരുവ് നായ്ക്കളുടെ എണ്ണം നിയന്ത്രിക്കുന്നതിനും പൊതുജനസുരക്ഷ ഉറപ്പാക്കുന്നതിനുമായി ബഹു. സുപ്രീം കോടതി **WP(C) No. 5/2025** ആയി Suo Moto കേസെടുത്തിരുന്നു. തുടർന്ന്, ഈ വിഷയത്തിൽ ഡൽഹി നഗരസഭയ്ക്ക് കർശന നിർദേശങ്ങൾ നൽകിക്കൊണ്ട് ബഹു. കോടതി 11.08.2025 തീയതിയിൽ ഉത്തരവ് പുറപ്പെടുവിക്കുകയുണ്ടായി. എന്നാൽ, ടി കോടതി ഉത്തരവ് തെരുവ് നായ്ക്കളുടെ അവകാശങ്ങൾക്ക് എതിരാണെന്ന് ആരോപിച്ച്, ഉത്തരവ് സ്റ്റേ ചെയ്യണമെന്നും ഭേദഗതി വരുത്തുകയോ റദ്ദാക്കുകയോ ചെയ്യണമെന്നും ആവശ്യപ്പെട്ടുകൊണ്ട് വിവിധ മൃഗസ്നേഹി സംഘടനകളും വ്യക്തികളും ബഹു. സുപ്രീം കോടതി മുൻപാകെ Interlocutory Applications ഫയൽ ചെയ്തിരുന്നു. തുടർന്ന് ബഹു. സുപ്രീം കോടതി മേൽ ഉത്തരവിൽ കൂടുതൽ വ്യക്തത വരുത്തിയും ഡൽഹി നഗരസഭയ്ക്ക് നൽകിയ നിർദേശങ്ങൾ ഭേദഗതി ചെയ്തുകൊണ്ടും ഉത്തരവ് പുറപ്പെടുവിച്ചിരുന്നു.

കൂടാതെ, എ.ബി.സി. ചട്ടങ്ങളുടെ നിർവഹണം ഇന്ത്യയിലുടനീളം സമാനമായതിനാൽ, ടി റിട്ട് ഹർജിയിൽ ബഹു. കോടതി പരിഗണിച്ച വിഷയം വിവിധ സംസ്ഥാനങ്ങളിലും കേന്ദ്രഭരണ പ്രദേശങ്ങളിലും നിലവിലുണ്ടാകാൻ സാധ്യതയുണ്ടെന്ന് നിരീക്ഷിച്ച കോടതി, ഡൽഹിയിൽ മാത്രമായി പരിഗണിച്ച ടി ഹർജിയിൽ എല്ലാ സംസ്ഥാനങ്ങളെയും കേന്ദ്രഭരണ പ്രദേശങ്ങളെയും കേസിൽ കക്ഷി

ചേർക്കുകയും ടി സംസ്ഥാനങ്ങളിലെ മൃഗസംരക്ഷണ വകുപ്പ്, തദ്ദേശസ്വയംഭരണ വകുപ്പ് സെക്രട്ടറിമാരോട് എ.ബി.സി. ചട്ടങ്ങൾ നടപ്പിലാക്കിയതു സംബന്ധിച്ച വിവരങ്ങൾ റിപ്പോർട്ട് ചെയ്യാൻ നിർദേശിക്കുകയും ചെയ്തിരുന്നു.

നിലവിൽ ടി കേസ് 19.05.2026ന് അന്തിമമായി പരിഗണിച്ച ബഹു. കോടതി *the statutory scheme under the PCA Act, 1960 and the ABC Rules, 2023 does not mandate, nor can it be interpreted to require or justify the continued presence or re-release of stray dogs within institutional premises or other restricted- access areas. Consequently, such dog population cannot be held to fall within the scope of Rule 7(2) read with Rule 11(19) of the ABC Rules, 2023. The directions issued vide order dated 7th November, 2025, excluding such premises from the operation of re-release, are in consonance with a purposive and harmonious interpretation of the statutory framework and fall within the permissible exercise of this Court's powers under Article 142 of the Constitution of India, being guided by constitutional values and the imperative of ensuring public safety* എന്ന നിരീക്ഷണത്തോടെ 2025 നവംബർ 7-ലെ കോടതി ഉത്തരവിലെ നിർദ്ദേശങ്ങളിൽ ഭേദഗതി വരുത്തുന്നതിനോ, വ്യക്തത വരുത്തുന്നതിനോ, റദ്ദാക്കുന്നതിനോ, പിൻവലിക്കുന്നതിനോ, സ്റ്റേ ചെയ്യുന്നതിനോ ആവശ്യപ്പെട്ടുകൊണ്ട് ഫയൽ ചെയ്യപ്പെട്ട എല്ലാ ഹർജികളും തള്ളിക്കൊണ്ടും എല്ലാ സംസ്ഥാനങ്ങൾക്കും കേന്ദ്രഭരണ പ്രദേശങ്ങൾക്കും തെരുവ് നായ നിയന്ത്രണവുമായി ബന്ധപ്പെട്ട കർശന നിർദ്ദേശങ്ങൾ നൽകികൊണ്ടും സൂചന (2) പ്രകാരം വിധിന്യായം പുറപ്പെടുവിച്ചിട്ടുണ്ട്. ഇന്ത്യൻ ഭരണഘടനയുടെ അനുച്ഛേദം 21 വിഭാവനം ചെയ്യുന്ന **അന്തസ്സോടെ ജീവിക്കാനുള്ള അവകാശത്തിൽ,** ശാരീരിക ഉപദ്രവങ്ങൾ, ആക്രമണങ്ങൾ, പട്ടി കടി എന്നിവയെക്കുറിച്ചുള്ള ഭയമില്ലാതെ പൊതുസ്ഥലങ്ങളിൽ സ്വതന്ത്രമായി സഞ്ചരിക്കാനുള്ള ഓരോ പൗരന്റെയും മൗലികാവകാശവും ഉൾപ്പെടുന്നുണ്ടെന്ന് ബഹു. പരമോന്നത കോടതി സൂചന (2) വിധിന്യായത്തിൽ വ്യക്തമാക്കിയിരുന്നു. തുടർന്ന് ടി വിധിന്യായത്തിലെ ഖണ്ഡിക 108(എച്ച്) പ്രകാരമുള്ള നിർദേശങ്ങൾ നടപ്പിലാക്കുന്നതിന് സംസ്ഥാനത്തെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് നിർദേശം നൽകികൊണ്ട് സർക്കാർ സൂചന (3) ഉത്തരവ് പുറപ്പെടുവിച്ചിരുന്നു.

മേൽ സാഹചര്യത്തിൽ ടി കേസിലെ ബഹു. സുപ്രീം കോടതിയുടെ സൂചന (2) വിധിന്യായത്തിലെ നിർദ്ദേശങ്ങൾ സംസ്ഥാനത്തെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ പൂർണ്ണ അർത്ഥത്തിൽ പാലിക്കുന്നുണ്ടെന്ന് ഉറപ്പാക്കുന്നതിനായി, കേരളത്തിലെ എല്ലാ ഗ്രാമപഞ്ചായത്തുകളും, ബ്ലോക്ക് പഞ്ചായത്തുകളും, ജില്ലാ പഞ്ചായത്തുകളും, നഗരസഭകളും, മുനിസിപ്പൽ കോർപ്പറേഷനുകളും അടിയന്തരമായി നടപ്പിലാക്കുന്നതിനായി താഴെ പറയുന്ന നിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നു;

1. പഞ്ചായത്തുകളും നഗരസഭകളും കോർപ്പറേഷനുകളും തങ്ങളുടെ തദ്ദേശ സ്ഥാപന പരിധിയിലുള്ള തെരുവ് നായ്ക്കളെ പിടികൂടി നിർദ്ദിഷ്ട ഷെൽട്ടറുകളിലേക്ക്/പൗണ്ടുകളിലേക്ക് മാറ്റുന്നതിനുള്ള സജീവ നടപടികൾ സ്വീകരിക്കേണ്ടതാണ്.
2. വിദ്യാഭ്യാസ സ്ഥാപനങ്ങൾ, ആരോഗ്യ കേന്ദ്രങ്ങൾ/ആശുപത്രികൾ, ബസ് ഡിപ്പോകൾ,

റെയിൽവേ സ്റ്റേഷനുകൾ, പൊതു പാർക്കുകൾ, ജനങ്ങൾ കൂടുതലായി എത്തുന്ന മറ്റു പൊതുവിടങ്ങൾ എന്നിവയുടെ പരിസരത്തുള്ള തെരുവ് നായ്ക്കളെ ഉടനടി പിടികൂടി നിർദ്ദിഷ്ട ഷെൽട്ടർ ഹോമുകളിലേക്ക് മാറ്റുന്നതിന് അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്.

3. മേൽപ്രകാരം പിടികൂടുന്ന നായ്ക്കളെ വന്ധ്യംകരിക്കുകയും വിരമരുന്ന് നൽകുകയും പ്രതിരോധ കുത്തിവയ്പ്പ് എടുക്കുകയും ചെയ്ത ശേഷം, അവയെ പിടികൂടിയ അതേ പ്രദേശങ്ങളിലേക്ക് തന്നെ തിരികെ വിടേണ്ടതാണ്. റേബീസ് (പേവിഷബാധ) ബാധിച്ച നായ്ക്കൾക്കും ആക്രമണ സ്വഭാവം കാണിക്കുന്ന നായ്ക്കൾക്കും ഈ തിരികെ വിടൽ ബാധകമല്ല.
4. പേവിഷബാധ ബാധിച്ച തെരുവ് നായ്ക്കളെയും ആക്രമണ സ്വഭാവം കാണിക്കുന്ന തെരുവ് നായ്ക്കളെയും വന്ധ്യംകരിക്കുകയും പ്രതിരോധ കുത്തിവയ്പ്പ് നൽകുകയും ചെയ്ത ശേഷം പ്രത്യേക പൗണ്ടിൽ / ഷെൽട്ടറിൽ പാർപ്പിക്കേണ്ടതാണ്. ഇവയെ യാതൊരു കാരണവശാലും തിരികെ തെരുവിലേക്ക് വിടരുത്.
5. പഞ്ചായത്തുകളും നഗരസഭകളും കോർപ്പറേഷനുകളും ഓരോ വാർഡിലും തെരുവ് നായ്ക്കൾക്ക് ഭക്ഷണം നൽകുന്നതിനായി പ്രത്യേക ഇടങ്ങൾ കണ്ടെത്തുന്നതിനുള്ള നടപടികൾ ആരംഭിക്കേണ്ടതാണ്. വാർഡിലെ തെരുവ് നായ്ക്കളുടെ എണ്ണവും സാന്ദ്രതയും കണക്കിലെടുത്തായിരിക്കണം ഭക്ഷണം നൽകുന്ന സ്ഥലങ്ങൾ കണ്ടെത്തുകയോ നിർമ്മിക്കുകയോ ചെയ്യേണ്ടത്.
6. തെരുവുകളിൽ തെരുവ് നായ്ക്കൾക്ക് ഭക്ഷണം നൽകാൻ അനുവദിക്കില്ലെന്ന് പൊതുജനങ്ങൾക്ക് കൃത്യമായ അറിയിപ്പ് നൽ കുന്ന നോട്ടീസ് ബോർഡുകൾ മേൽപ്രകാരം കണ്ടെത്തിയ ഇടങ്ങൾക്ക് സമീപം സ്ഥാപിക്കേണ്ടതാണ്.
7. മേൽ നിർദ്ദേശങ്ങൾക്ക് വിരുദ്ധമായി തെരുവിൽ നായ്ക്കൾക്ക് ഭക്ഷണം നൽകുന്നതായി കണ്ടെത്തുന്ന വ്യക്തികൾക്കെതിരെ തദ്ദേശ സ്ഥാപനങ്ങൾ കർശനമായ നിയമനടപടികൾ സ്വീകരിക്കേണ്ടതാണ്.
8. മേൽ നിർദേശങ്ങൾ ലംഘിക്കുന്ന സംഭവങ്ങൾ റിപ്പോർട്ട് ചെയ്യുന്നതിനായി പഞ്ചായത്തുകളും നഗരസഭകളും കോർപ്പറേഷനുകളും ഒരു പ്രത്യേക ഹെൽപ്പ് ലൈൻ നമ്പർ ആരംഭിക്കേണ്ടതും അത്തരം പരാതികൾ ലഭിച്ചാൽ ബന്ധപ്പെട്ട വ്യക്തിക്കെതിരെ ഉചിതമായ നടപടികൾ സ്വീകരിക്കേണ്ടതുമാണ്.
9. പഞ്ചായത്തുകളിലെയും നഗരസഭകളിലെയും കോർപ്പറേഷനുകളിലെയും ഉദ്യോഗസ്ഥർക്ക് മേൽപറഞ്ഞ നിർദ്ദേശങ്ങൾ നടപ്പിലാക്കാൻ പൂർണ്ണ സ്വാതന്ത്ര്യമുണ്ടായിരിക്കുന്നതാണ്. ആയതിന്റെ കാര്യക്ഷമമായ നടത്തിപ്പിന് ആരെങ്കിലും തടസ്സമോ വിഘ്നമോ ഉണ്ടാക്കുന്ന പക്ഷം, ഔദ്യോഗിക കൃത്യനിർവഹണം തടസ്സപ്പെടുത്തുന്നതായി കണക്കാക്കുകയും അത്തരം സംഭവങ്ങൾ ഉടനടി അടുത്തുള്ള പോലീസ് സ്റ്റേഷനിൽ റിപ്പോർട്ട് ചെയ്യുകയും ചെയ്യേണ്ടതാണ്.
10. തെരുവ് നായ്ക്കളെ ദത്തെടുക്കുന്നതിനുള്ള അപേക്ഷകൾ പഞ്ചായത്തുകളും നഗരസഭകളും കോർപ്പറേഷനുകളും സ്വീകരിക്കേണ്ടതാണ്. ദത്ത് നൽകുന്നതിനായി കണ്ടെത്തിയ തെരുവ് നായ്ക്കൾക്ക് ടാഗ് പതിപ്പിച്ച ശേഷം മാത്രം അപേക്ഷകന് കൈമാറാൻ പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്. ഇപ്രകാരം ദത്തെടുക്കപ്പെട്ട നായ്ക്കൾ വീണ്ടും തെരുവുകളിലേക്ക് തിരികെയെത്തുന്നില്ലെന്ന് അവർ ഉറപ്പാക്കണമെന്ന് കൃത്യമായ നിർദ്ദേശം നൽകേണ്ടതാണ്.
11. തങ്ങളുടെ പരിസരങ്ങൾ തെരുവ് നായ്ക്കളിൽ നിന്ന് മുക്തമാക്കുന്നതിനായി തദ്ദേശ സ്ഥാപന അധികാരികളുമായി ഏകോപിച്ച് പ്രവർത്തിക്കാൻ ആവശ്യപ്പെട്ടുകൊണ്ട് തദ്ദേശ സ്ഥാപന

പരിധിയിലെ സ്കൂൾ പ്രിൻസിപ്പൽമാർ, ആശുപത്രി സൂപ്രണ്ടുമാർ, സ്റ്റേഷൻ മാസ്റ്റർമാർ, തുടങ്ങിയ എല്ലാ സ്ഥാപന മേധാവികൾക്കും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ നോട്ടീസ് അയക്കേണ്ടതാണ്. ഇതിനോട് സഹകരിക്കാതിരിക്കുകയോ നിർദ്ദേശങ്ങൾ പാലിക്കാതിരിക്കുകയോ ചെയ്താൽ ബന്ധപ്പെട്ട സ്ഥാപന മേധാവിക്കെതിരെ ഭരണപരമായതും നിയമപരമായതുമായ നടപടികൾ ഉണ്ടാകുമെന്ന് അവരെ അറിയിക്കേണ്ടതാണ്.

12. തെരുവ് നായ്ക്കളെ പാർപ്പിക്കാൻ ആവശ്യമായ ഡോഗ് ഷെൽട്ടറുകൾ / പൗണ്ടുകൾ തുടങ്ങിയവ നിർമ്മിക്കാൻ പഞ്ചായത്തുകളും നഗരസഭകളും കോർപ്പറേഷനുകളും ഉടൻ തന്നെ നടപടി സ്വീകരിക്കേണ്ടതാണ്. തെരുവ് നായ്ക്കളെ വന്ധ്യംകരിക്കുന്നതിനും വിരമരുന്ന് നൽകുന്നതിനും പ്രതിരോധ കുത്തിവയ്പ്പ് എടുക്കുന്നതിനും നായ്ക്കളെ പരിചരിക്കുന്നതിനും ആവശ്യമായ ജീവനക്കാർ, മറ്റു സൌകര്യങ്ങൾ എന്നിവ ഈ ഷെൽട്ടറുകളിൽ/പൗണ്ടുകളിൽ ഉണ്ടായിരിക്കേണ്ടതാണ്.
13. തങ്ങളുടെ തദ്ദേശ സ്ഥാപന പരിധിയിൽ വരുന്ന സംസ്ഥാന പാതകൾ, ദേശീയ പാതകൾ, ദേശീയ എക്സ്പ്രസ് വേകൾ എന്നിവയിൽ നിന്നുള്ള തെരുവ് മൃഗങ്ങളെ നീക്കം ചെയ്യുന്നതിനായി തദ്ദേശ സ്ഥാപനങ്ങൾ സംസ്ഥാന ഹൈവേ അതോറിറ്റി, ദേശീയ ഹൈവേ അതോറിറ്റി, നാഷണൽ എക്സ്പ്രസ് ഹൈവേ അതോറിറ്റി എന്നിവരുമായി കൃത്യമായി ഏകോപിച്ച് പ്രവർത്തിക്കേണ്ടതാണ്.
14. തെരുവ്മൃഗങ്ങളെ തുടർച്ചയായി കണ്ടെത്തുന്ന സംസ്ഥാന പാതകളുടെയും ദേശീയ പാതകളുടെയും എക്സ്പ്രസ് വേകളുടെയും ഭാഗങ്ങൾ കണ്ടെത്തുന്നതിനായി പൊതു ഗതാഗത വകുപ്പ്/പൊതുമരാമത്ത് വകുപ്പ്, നാഷണൽ ഹൈവേ അതോറിറ്റി ഓഫ് ഇന്ത്യ എന്നിവരുമായി ചേർന്ന് തദ്ദേശ സ്ഥാപന അധികാരികൾ സംയുക്ത ഡ്രൈവ് നടത്തേണ്ടതും അവയെ ഉടനടി നീക്കം ചെയ്ത് നിർദ്ദിഷ്ട ഷെൽട്ടറുകളിലേക്ക് മാറ്റുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതുമാണ്.
15. തെരുവ്മൃഗങ്ങൾ അല്ലെങ്കിൽ റോഡ് ഗതാഗതത്തിന് തടസ്സം സൃഷ്ടിക്കുന്ന മറ്റ് മൃഗങ്ങൾ എന്നിവയെക്കുറിച്ചുള്ള വിവരങ്ങൾ ലഭിച്ചാൽ ഉടനടി നടപടിയെടുക്കുന്നതിനും നിരന്തരമായ നിരീക്ഷണത്തിനുമായി പഞ്ചായത്തുകളും നഗരസഭകളും കോർപ്പറേഷനുകളും പ്രത്യേക ടാസ്ക്ഫോഴ്സുകളെ രൂപീകരിക്കേണ്ടതാണ്. ഇത്തരത്തിലുള്ള പട്രോളിംഗ് സംവിധാനം 24x7 അടിസ്ഥാനത്തിൽ പ്രവർത്തിക്കേണ്ടതും പ്രാദേശിക പോലീസ് സ്റ്റേഷനുകൾ, വെറ്ററിനറി ഓഫീസർമാർ, എന്നിവരുമായി ഏകോപിച്ച് പ്രവർത്തിക്കേണ്ടതുമാണ്.
16. ആനിമൽ ബർത്ത് കൺട്രോൾ (ABC) കാര്യക്ഷമമായി നടപ്പിലാക്കുന്നതിന് ആവശ്യമായ അടിസ്ഥാന സൌകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിനായും വന്ധ്യംകരണ- , വാക്സിനേഷൻ ശേഷി വിപുലീകരിക്കുന്നതിനായും, നിലവിലുള്ള സംവിധാനങ്ങൾ ശക്തിപ്പെടുത്തുന്നതിനായും മൃഗസംരക്ഷണവകുപ്പുമായി ഏകോപിപ്പിച്ച് കൂടുതൽ സംവിധാനങ്ങൾ സജ്ജമാക്കുന്നതിനായുള്ള തീരുമാനങ്ങൾ പഞ്ചായത്തുകളും നഗരസഭകളും കോർപ്പറേഷനുകളും അടിയന്തരമായി കൈക്കൊള്ളേണ്ടതാണ്.
17. സർക്കാരുമായും മറ്റ് ഏജൻസികളുമായും ഏകോപിച്ച്, തെരുവ് നായ്ക്കളെ കൈകാര്യം ചെയ്യുന്ന ജീവനക്കാർക്കുള്ള പരിശീലനം, വെറ്ററിനറി സേവനങ്ങളുടെ വിപുലീകരണം, വാക്സിനേഷൻ ഡ്രൈവുകൾ ശക്തമാക്കൽ, ആവശ്യത്തിന് ഷെൽട്ടർ സൌകര്യങ്ങൾ ഒരുക്കൽ എന്നിവയുൾപ്പെടെയുള്ള നടപടികൾ തദ്ദേശ സ്ഥാപനങ്ങൾ കൈക്കൊള്ളേണ്ടതാണ്.

കൂടാതെ, തെരുവ് നായുടെ കടിയേൽക്കുന്ന സംഭവങ്ങൾ കൈകാര്യം ചെയ്യുന്നതിനായി കാര്യക്ഷമമായ പൊതുജനാരോഗ്യ പ്രതികരണ സംവിധാനങ്ങളും തദ്ദേശ സ്ഥാപന തലത്തിൽ തയ്യാറാക്കേണ്ടതാണ്.

18. തെരുവ് നായ്ക്കളുടെ എണ്ണം ഭയാനകമായ രീതിയിൽ വർദ്ധിക്കുകയും, പട്ടി കടിയേൽക്കുന്ന സംഭവങ്ങളോ ആക്രമണങ്ങളോ തുടർച്ചയായി ഉണ്ടാവുകയും പൊതുജനസുരക്ഷയ്ക്ക് തുടർച്ചയായ ഭീഷണി ഉയരുകയും ചെയ്യുന്ന പ്രദേശങ്ങളിൽ നിന്ന് തെരുവ് നായ്ക്കളെ പിടികൂടി ബന്ധപ്പെട്ട അധികാരികൾക്ക് കൈമാറേണ്ടതാണ്. യോഗ്യരായ വെറ്ററിനറി വിദഗ്ധരുടെ കൃത്യമായ ശിപാർശയ്ക്ക് വിധേയമായും, 1960-ലെ Prevention of Cruelty to Animals Act, 1960, 2023-ലെ Animal Birth Control Rules, 2023, മറ്റ് നിയമപരമായ ചട്ടങ്ങൾ എന്നിവയ്ക്ക് വിധേയമായും, പേവിഷബാധയുള്ളതോ, സുഖപ്പെടുത്താനാവാത്ത രോഗമുള്ളതോ, അല്ലെങ്കിൽ അപകടകരവും അക്രമകാരികളുമായതുമായോ ആയ തെരുവ്നായ്ക്കളെ ദയാവധം ചെയ്യുന്നത് ഉൾപ്പെടെയുള്ള നിയമപരമായി അനുവദനീയമായ നടപടികൾ തദ്ദേശ സ്ഥാപനങ്ങൾക്ക് സ്വീകരിക്കാവുന്നതാണ്.

19. ബഹു.സുപ്രീം കോടതി പുറപ്പെടുവിച്ച നിർദ്ദേശങ്ങൾ നടപ്പിലാക്കാൻ ചുമതലപ്പെടുത്തിയിട്ടുള്ള എല്ലാ തദ്ദേശ സ്ഥാപനങ്ങളിലെ ഉദ്യോഗസ്ഥർക്കും ജീവനക്കാർക്കും, ഔദ്യോഗിക കൃത്യനിർവഹണത്തിന്റെ ഭാഗമായി സുതാര്യമായും സദുദ്ദേശ്യത്തോടെയും ചെയ്യുന്ന പ്രവർത്തനങ്ങൾക്ക് അർഹമായ നിയമപരിരക്ഷ ഉണ്ടായിരിക്കുന്നതാണ്.

20. മേൽ നിർദ്ദേശങ്ങൾ നടപ്പിലാക്കുന്നതിനായി സദുദ്ദേശ്യത്തോടെ സ്വീകരിക്കുന്ന നടപടികളുടെ പേരിൽ ഉദ്യോഗസ്ഥർക്കെതിരെ സാധാരണ ഗതിയിൽ എഫ്.ഐ.ആർ (FIR), ക്രിമിനൽ നടപടികൾ അല്ലെങ്കിൽ കർശനമായ നിയമനടപടികൾ എന്നിവ ആരംഭിക്കാൻ പാടില്ലാത്തതാണെന്ന് എല്ലാ പഞ്ചായത്തുകളെയും നഗരസഭകളെയും കോർപ്പറേഷനുകളെയും അറിയിക്കുന്നു.

21. എല്ലാ പഞ്ചായത്തുകളും നഗരസഭകളും കോർപ്പറേഷനുകളും തങ്ങളുടെ അധികാരപരിധിയിൽ സ്ഥിതി ചെയ്യുന്ന എല്ലാ സർക്കാർ, സ്വകാര്യ വിദ്യാഭ്യാസ സ്ഥാപനങ്ങൾ, ആശുപത്രികൾ (ജില്ലാ ആശുപത്രികൾ, പ്രാഥമിക ആരോഗ്യ കേന്ദ്രങ്ങൾ, മെഡിക്കൽ കോളേജുകൾ എന്നിവയുൾപ്പെടെ), കായിക കോംപ്ലക്സുകൾ അല്ലെങ്കിൽ സ്റ്റേഡിയങ്ങൾ, ബസ് സ്റ്റാൻഡുകൾ/ഡിപ്പോകൾ (ഇന്റർ-സ്റ്റേറ്റ് ബസ് ടെർമിനലുകൾ ഉൾപ്പെടെ), റെയിൽവേ സ്റ്റേഷനുകൾ എന്നിവ കൃത്യമായി മാർക്ക് ചെയ്യേണ്ടതാണ്. കൂടാതെ, ഈ സ്ഥാപനങ്ങളുടെ അതിരുമതിലുകൾ, വേലികൾ, ഗേറ്റുകൾ, മാലിന്യ സംസ്കരണ സംവിധാനങ്ങൾ തുടങ്ങിയ വിവരങ്ങളും കെട്ടിടത്തിന്റെയും അതിന്റെ പരിസരങ്ങളുടെയും വ്യക്തമായ വിശദാംശങ്ങളും പരിശോധിച്ച് ഉറപ്പുവരുത്തേണ്ടതാണ്.

22. തങ്ങളുടെ അധികാരപരിധിയിലുള്ള എല്ലാ സർക്കാർ-സ്വകാര്യ സ്ഥാപന മേധാവികൾക്കും തെരുവ് നായ്ക്കൾ അകത്ത് പ്രവേശിക്കുന്നത് തടയുന്നതിന് ആവശ്യമായ രീതിയിൽ അതിരുമതിലുകൾ, വേലികൾ, ഗേറ്റുകൾ എന്നിവയും മറ്റ് നിർമ്മാണപരമോ ഭരണപരമോ ആയ സുരക്ഷാനടപടികളും സ്വീകരിച്ച് സ്ഥാപന പരിസരങ്ങൾ സുരക്ഷിതമാണെന്ന് ഉറപ്പുവരുത്തണമെന്ന് തദ്ദേശ സ്ഥാപനങ്ങൾ നിർദ്ദേശം നൽകേണ്ടതാണ്.

23. തദ്ദേശ സ്ഥാപന പരിധിയിലുള്ള എല്ലാ വിദ്യാഭ്യാസ സ്ഥാപനങ്ങൾ, ആശുപത്രികൾ, കായിക

സമുച്ചയങ്ങൾ, ബസ് സ്റ്റാൻഡുകൾ/ഡിപ്പോകൾ (ഇന്റർ-സ്റ്റേറ്റ് ബസ് ടെർമിനൽ ഉൾപ്പെടെ), റെയിൽവേ സ്റ്റേഷനുകൾ തുടങ്ങിയ എല്ലാ സ്ഥാപനങ്ങൾക്കും ടി വിഷയവുമായി ബന്ധപ്പെട്ട് ഒരു നോഡൽ ഓഫീസറെ ചുമതലപ്പെടുത്താൻ തദ്ദേശ സ്ഥാപനങ്ങൾ നിർദ്ദേശം നൽകേണ്ടതാണ്. സ്ഥാപന പരിസരത്തിന്റെ പരിപാലനം, ശുചിത്വം എന്നിവ ഉറപ്പാക്കുന്നതിനും തെരുവ് നായ്ക്കൾ ക്യാമ്പസിനുള്ളിൽ പ്രവേശിക്കുകയോ വസിക്കുകയോ ചെയ്യുന്നില്ലെന്ന് ഉറപ്പുവരുത്തുന്നതിനും ഈ ഓഫീസർക്ക് ഉത്തരവാദിത്തമുണ്ടായിരിക്കുന്നതാണ്.

24. മേൽ പ്രകാരം ചുമതലപ്പെടുത്തിയ നോഡൽ ഓഫീസറുടെ പേരും മറ്റ് വിവരങ്ങളും പ്രസ്തുത സ്ഥാപനത്തിന്റെ പ്രവേശന കവാടത്തിൽ വ്യക്തമായി പ്രദർശിപ്പിക്കാൻ സ്ഥാപന മേധാവിമാർക്ക് തദ്ദേശ സ്ഥാപനങ്ങൾ നിർദ്ദേശം നൽകേണ്ടതാണ്.
25. മേൽ പ്രകാരം ചുമതലപ്പെടുത്തിയ നോഡൽ ഓഫീസർമാരുടെ പേരും വിവരങ്ങളും പൊതുജനങ്ങൾക്ക് കാണത്തക്ക വിധത്തിൽ തദ്ദേശ സ്ഥാപനങ്ങൾ തങ്ങളുടെ നോട്ടീസ് ബോർഡിൽ പ്രദർശിപ്പിക്കേണ്ടതാണ്.
26. മേൽ സ്ഥാപനങ്ങൾക്കുള്ളിലോ അതിനോട് ചേർന്നുള്ള പ്രദേശങ്ങളിലോ തെരുവ് നായ്ക്കളുടെ സാന്നിദ്ധ്യം ഉണ്ടാകുന്നില്ലെന്ന് ഉറപ്പാക്കുന്നതിനായി തദ്ദേശ സ്ഥാപനങ്ങൾ കുറഞ്ഞത് മൂന്ന് മാസത്തിലൊരിക്കലെങ്കിലും സ്ഥാപന പരിസരങ്ങളിൽ പതിവ് പരിശോധനകൾ നടത്തേണ്ടതാണ്.
27. തങ്ങളുടെ അധികാരപരിധിയിലുള്ള എല്ലാ സർക്കാർ, സ്വകാര്യ ആശുപത്രികളിലും, പ്രാഥമിക ആരോഗ്യ കേന്ദ്രങ്ങളിലും, പേവിഷബാധയ്ക്കെതിരെയുള്ള വാക്സിനുകളുടെയും ഇമ്മ്യൂണോഗ്ലോബുലിന്റെയും ആവശ്യമായ സ്റ്റോക്ക് എപ്പോഴും ഉറപ്പാക്കുന്നുണ്ടെന്ന് തദ്ദേശ സ്ഥാപനങ്ങൾ ശ്രദ്ധിക്കേണ്ടതാണ്.
28. മൃഗങ്ങളുമായി ഇടപഴകുമ്പോഴും പൊതുസ്ഥലങ്ങളിൽ അവയെ കാണുമ്പോഴും പാലിക്കേണ്ട മുൻകരുതലുകൾ, നായയുടെ കടിയേറ്റാൽ നൽകേണ്ട പ്രഥമശുശ്രൂഷ, ഇത്തരം സംഭവങ്ങൾ അടിയന്തരമായി റിപ്പോർട്ട് ചെയ്യേണ്ട രീതികൾ എന്നിവയെക്കുറിച്ച് വിദ്യാർത്ഥികൾ, ജീവനക്കാർ തുടങ്ങിയവർക്കായി ഗ്രാമപഞ്ചായത്തുകളും നഗരസഭകളും കോർപ്പറേഷനുകളും ബോധവൽക്കരണ ക്ലാസുകൾ സംഘടിപ്പിക്കേണ്ടതാണ്.
29. സ്റ്റേഡിയങ്ങളിലേക്കും സ്പോർട്സ് കോംപ്ലക്സുകളിലേക്കും തെരുവ് നായ്ക്കൾ പ്രവേശിക്കുന്നതും വസിക്കുന്നതും തടയുന്നതിനായി 24 മണിക്കൂറും നിരീക്ഷിക്കുന്നതിന് സെക്യൂരിറ്റി ജീവനക്കാരെയോ ഗ്രൗണ്ട് കീപ്പിംഗ് ജീവനക്കാരെയോ ചുമതലപ്പെടുത്തുന്നുണ്ടെന്ന് ഉറപ്പുവരുത്താൻ മാനേജ്മെന്റുകൾക്ക് പഞ്ചായത്തുകളും നഗരസഭകളും കോർപ്പറേഷനുകളും പ്രത്യേക നിർദ്ദേശം നൽകേണ്ടതാണ്.
30. റെയിൽവേ സ്റ്റേഷനുകളുടെ ചുമതലയുള്ള റെയിൽവേ അധികാരികൾക്കും, ബസ് സ്റ്റാൻഡുകൾ, ഡിപ്പോകൾ, ഇന്റർ-സ്റ്റേറ്റ് ബസ് ടെർമിനലുകൾ എന്നിവയുടെ ചുമതലയുള്ള സംസ്ഥാന ഗതാഗത കോർപ്പറേഷനുകൾക്കും മുനിസിപ്പൽ അധികാരികൾക്കും പൊതുഗതാഗത കേന്ദ്രങ്ങളുടെ പരിസരങ്ങളിൽ തെരുവ് നായ്ക്കൾ തങ്ങുന്നതും സഞ്ചരിക്കുന്നതും തടയുന്നതിന് ആവശ്യമായ രീതിയിൽ മേൽ പരിസരങ്ങൾ സുരക്ഷിതമായി പരിപാലിക്കുന്നുണ്ടെന്ന് ഉറപ്പാക്കുന്നതിനായി തദ്ദേശ സ്ഥാപനങ്ങൾ പ്രത്യേക നിർദ്ദേശം നൽകേണ്ടതാണ്.
31. മൃഗങ്ങളെ ആകർഷിക്കുന്ന ഭക്ഷണ അവശിഷ്ടങ്ങൾ ഒഴിവാക്കുന്നതിനായി, തങ്ങളുടെ

പരിധിയിൽ ശാസ്ത്രീയമായ മാലിന്യ സംസ്കരണ സംവിധാനങ്ങൾ, ആവശ്യമായ രീതിയിൽ നടപ്പിലാക്കുന്നുണ്ടെന്ന് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ ഉറപ്പുവരുത്തേണ്ടതാണ്. കൂടാതെ, തെരുവ് നായ്ക്കളുടെ സാന്നിധ്യം കണ്ടെത്തുന്നതിനും പ്രശ്നപരിഹാരത്തിനുമായി പതിവായി പരിശോധനകൾ നടത്തേണ്ടതുമാണ്.

മേൽ നിർദ്ദേശങ്ങൾ എല്ലാ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളും കർശനമായി പാലിക്കേണ്ടതാണ്. ബഹു. സുപ്രീം കോടതിയുടെ വിധിന്യായം നടപ്പിലാക്കുന്നതിൽ ഉണ്ടാകുന്ന ഏതൊരു വീഴ്ചയും സഗൗരവത്തോടെ കാണുന്നതും, നിർദ്ദേശങ്ങൾ പാലിക്കാത്ത പക്ഷം ബന്ധപ്പെട്ട ഉദ്യോഗസ്ഥർ വ്യക്തിപരമായി ഉത്തരവാദികളായിരിക്കുന്നതുമാണ്.

വിശ്വസ്തതയോടെ,
Dr. Divya S Iyer IAS
PRINCIPAL DIRECTOR

പകർപ്പ് :

1. അഡ്വക്കേറ്റ് ജനറൽ ഓഫ് കേരള, എറണാകുളം
2. പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശ സ്വയംഭരണ വകുപ്പ്
3. ഡയറക്ടർ (റൂറൽ), തദ്ദേശ സ്വയംഭരണ വകുപ്പ്
4. ഡയറക്ടർ (അർബൻ), തദ്ദേശ സ്വയംഭരണ വകുപ്പ്
5. സ്റ്റേറ്റ് അനിമൽ ബർത്ത് കൺട്രോൾ മോണിറ്ററിംഗ് കമ്മിറ്റി
6. എല്ലാ തദ്ദേശ സ്വയംഭരണ വകുപ്പ് ജില്ല ജോയിന്റ് ഡയറക്ടർമാർക്കും തദ്ദേശ സ്ഥാപന സെക്രട്ടറിമാർക്കും (ജില്ല ജോയിന്റ് ഡയറക്ടർമാർ മുഖേന)
7. കരുതൽ ഫയൽ /ഓഫീസ് കോപ്പി

Digitally signed by
Divya S Iyer
Date: 31-07-2026
21:33:21